# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1962 | 08.03.2018 - ൽ മറുപടിയ്ക്ക് |
|---|---|

## ജി.എസ്.ടി.യിൽ സംസ്ഥാനത്തിന്റെ ഭാവി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.വി.ഡി.സതീശൻ<br>,, റോജി എം. ജോൺ<br>,, ഹൈബി ഈഡൻ<br>,, സണ്ണി ജോസഫ് | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ഒരു ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ ജി.എസ്.ടി. ഭാവിയിൽ കേരളത്തിന് ഗുണകരമാകുമെന്ന് അനുമാനിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നും എത്ര കാലത്തിനുള്ളിൽ ഗുണകരമായി മാറുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കുമോ; | (എ) | ജി.എസ്.ടി ഒരു പ്രാപ്യസ്ഥാന നികുതിയാണ്. കേരളം പ്രധാനമായും ഒരു ഉപഭോക്തൃ സംസ്ഥാനമാകയാൽ പ്രാപ്യസ്ഥാന തത്ത്വം കേരളത്തിന്റെ നികുതി വരുമാനത്തിന് ഗുണപ്രദമാകും. ഇ-കൊമേഴ്സ് വ്യാപാരം, സ്വന്തം ആവശ്യത്തിനുള്ള അന്തർസംസ്ഥാന വാങ്ങൽ എന്നിവയിലും പ്രാപ്യസ്ഥാനതത്ത്വം പ്രകാരം സംസ്ഥാനത്തിന് നികുതി ലഭിക്കും. സംസ്ഥാനത്ത് ഏറ്റവുമധികം വളർച്ചയുള്ളത് സർവ്വീസ് മേഖലയിലാണ്. ബാങ്കിംഗ്, ടെലികോം, ഇൻഷുറൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗനിരക്ക് രാജ്യത്തെ ഉയർന്ന നിരക്കുകളിൽ ഒന്നാണ്. സർവ്വീസ് മേഖലയിൽ നിന്നുള്ള അധിക വരുമാനം സംസ്ഥാനത്തിന് വലിയ നേട്ടമുണ്ടാക്കും. ജി.എസ്.ടി പൂർണ്ണമായും ഓൺലൈൻ സംവിധാനമാണ്. ഇത് അക്കൗണ്ടിംഗ് കൂടുതൽ സുതാര്യമാക്കുകയും പരിശോധന എളുപ്പമാക്കുകയും ചെയ്യും. ഇ-വേ ബിൽ നിർബന്ധമാക്കുന്നതോടെ ചരക്കുനീക്കത്തിന്റെ വിവരങ്ങൾ തുടക്കത്തിൽ തന്നെ ഓൺലൈനായി റെക്കോർഡ് ചെയ്യപ്പെടുന്നു. ഇതുമൂലം നികുതിവെട്ടിപ്പ് ഗണ്യമായി കുറയും. ജി.എസ്.ടി നെറ്റ് വർക്ക് ഇതുവരെയും പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടില്ല. സോഫ്റ്റ് വെയർ പൂർത്തിയാകാത്തതുകാരണം റിട്ടേണുകൾ |

| | | | |
|---|---|---|---|
| | | | പൂർണ്ണമായും ഫയൽ ചെയ്യപ്പെട്ടിട്ടില്ല. ഇത് പൂർണ്ണമായും പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് ജി.എസ്.ടി സംസ്ഥാനത്തിന് ഗുണകരമായിത്തീരും എന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | ജി.എസ്.ടി. സോഫ്റ്റ് വെയർ പൂർണ്ണമായും പ്രവർത്തനക്ഷമമാകുന്നതിന് മുമ്പ് ജി.എസ്.ടി. നടപ്പിലാക്കിയത് മൂലം സംസ്ഥാനത്ത് നേരിട്ട ബുദ്ധിമുട്ടുകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; ആയത് പരിഹരിക്കുന്നതിന് സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | ചരക്കുസേവനനികുതി നിയമപ്രകാരം അന്തർസംസ്ഥാന കൈമാറ്റങ്ങൾക്കും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാകുന്നതിനാൽ രാജ്യത്തൊട്ടാകെ ലക്ഷക്കണക്കിന് ബില്ലുകളുടെ യഥാസമയമുള്ള സൂക്ഷ്മപരിശോധന ആവശ്യമാണ്. എന്നാൽ ഇതുമായി ബന്ധപ്പെട്ട സോഫ്റ്റ് വെയർ ജി.എസ്.ടി.എൻ പൂർണ്ണമായി പ്രവർത്തനക്ഷമമാകാതെ ധൃതിയിൽ ജി.എസ്.ടി നടപ്പിലാക്കിയത് സംസ്ഥാനങ്ങൾക്കും വ്യാപാരികൾക്കും ഒരുപോലെ ധാരാളം പ്രശ്നങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഇത് ഒരു പരിധിവരെ ഉപഭോക്തൃസംസ്ഥാനമായ കേരളത്തിന് പ്രതീക്ഷിച്ച നികുതി ലഭ്യമാകാത്തതിന്റെ പ്രധാനകാരണങ്ങളിലൊന്നാണ്. |
| (സി) | ഭൂരിപക്ഷം ഉത്പാദകരും മൊത്തവ്യാപാരികളും ഇൻപുട്ട് ടാക്സിന്റെ പൂർണ്ണ ആനുകൂല്യം ഉപഭോക്താവിന് കൈമാറാത്ത അവസ്ഥ ഇപ്പോഴും നിലവിലുണ്ടോ; എങ്കിൽ അപ്രകാരം ചെയ്യാത്തവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ; | (സി) | ഭൂരിപക്ഷം ഉല്പാദകരും മൊത്ത വ്യാപാരികളും ഈ ആനുകൂല്യം ഉപഭോക്താവിനു നല്കിയിട്ടില്ല എന്ന കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനുള്ള പരിഹാരമായി നിയമത്തിൽ ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. ജി.എസ്.ടി നടപ്പിലായ ആദ്യ മാസത്തിൽ തന്നെ കേരളം ഈ പ്രശ്നം ഗൗരവമായി എടുക്കുകയും ജി.എസ്.ടി. കൗൺസിലിൽ ശക്തമായി ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റവും ഒടുവിൽ നടന്ന 25-ാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിലും സംസ്ഥാനം ഈ പ്രശ്നം ശക്തമായി ഉന്നയിച്ചിട്ടുണ്ട്. കൂടാതെ കേരളം ഇതിനകം തന്നെ ഇത്തരം മാനദണ്ഡങ്ങൾ പാലിക്കാത്ത 335 ഓളം ഉല്പാദകരുടെയും വില്പനക്കാരുടെയും വിശദമായ വിവരങ്ങൾ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി വഴി കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. |
| (ഡി) | ആന്റി പ്രോഫിറ്റീയറിംഗ് സംവിധാനം പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; | (ഡി) | കേന്ദ്ര ആന്റി പ്രോഫിറ്റീയറിംഗ് അതോറിറ്റിയ്ക്ക് റിപ്പോർട്ട് ചെയ്ത കേസുകളിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് സംസ്ഥാനത്തെ അറിയിച്ചിട്ടില്ലാത്തതിനാൽ ടി സംവിധാനം പൂർണതോതിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമല്ല. |

| | | | |
|---|---|---|---|
| (ഇ) | 2017 നവംബർ 15 ന് പ്രാബല്യത്തിൽ വന്ന നികുതി കുറവിന്റെ ആനുകൂല്യം കച്ചവടക്കാരും മൊത്ത വ്യാപാരികളും ഉപഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ആനുകൂല്യം കൈമാറാത്തവരുടെ വിശദാംശം ആന്റി പ്രോഫിറ്റീയറിംഗ് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ? | (ഇ) | സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് 2017 നവംബർ 15 ന് പ്രാബല്യത്തിൽ വന്ന നികുതിക്കുറവിന്റെ ആനുകൂല്യം ഉപഭോക്താവിനു കൈമാറുന്നുണ്ടോയെന്ന വിവരം ഫീൽഡ് സർവ്വെ വഴിയും ബിൽ ശേഖരണം വഴിയും സംസ്ഥാനമൊട്ടുക്കും വിശദമായ പരിശോധന നടത്തി ശേഖരിച്ചിട്ടുണ്ട്. ആനുകൂല്യം കൈമാറാത്ത നിർമ്മാതാക്കളുടെയും മൊത്തവ്യാപാരികളുടെയും വിവരം ഉടൻതന്നെ കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറുന്നതാണ്. |

സെക്ഷൻ ഓഫീസർ